## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# തൊഴിലുറപ്പ് പദ്ധതിപ്രകാരം നൽകി വരുന്ന കൂലി വർദ്ധിപ്പിക്കാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5862

07.07.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം

| | | | |
|---|---|---|---|
| ശ്രീ.എളമരം കരീം | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലെടുക്കുന്നവരുടെ കൂലി 2014-15-ൽ കേരളത്തിൽ 212 രൂപയായി വർദ്ധിപ്പിച്ചപ്പോൾ കേരളത്തെക്കാളും ജീവിതച്ചെലവ് കുറഞ്ഞ സംസ്ഥാനങ്ങൾക്ക് 234 രൂപവരെ ഉയർത്തി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കേന്ദ്ര-ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച 13.02.2014 ലെ എസ്.ഒ 400 (ഇ) നമ്പർ വിജ്ഞാപന പ്രകാരം, 01.04.2014 മുതൽ, തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള മിനിമം കൂലി 212/- രൂപയായി നിശ്ചയിക്കുകണ്ടായി. ഹരിയാന സംസ്ഥാനത്തിനും, ആന്റമാൻ നിക്കോബാർ ദ്വീപുകൾ, ചണ്ഡീഗഡ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങൾക്കുമാണ് സംസ്ഥാനത്തിന് അനുവദിച്ചതിനെക്കാൾ കൂടുതൽ കൂലി നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | ഇത് സംബന്ധിച്ച് സംസ്ഥാനസർക്കാർ കേന്ദ്രത്തോട് എന്തെങ്കിലും ആവശ്യം ഉന്നയിച്ചിരുന്നോ ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനം ഉപഭോക്തൃ സൂചികയ്ക്ക് അനുസൃതമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം വ്യക്തമാക്കാമോ ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ